**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 244** **22-06-2026-ൽ മറുപടിയ്ക്ക്**

**രണ്ടുമാസത്തെ റേഷൻ ഒരുമിച്ച് നൽകുന്നത്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. മമ്മിക്കുട്ടി ശ്രീ. അനൂപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര നിർദ്ദേശപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിയ രണ്ടുമാസത്തെ റേഷൻ വിഹിതം ഒരുമിച്ച് നൽകുന്ന രീതി പെട്ടന്ന് നിർത്തലാക്കാനും ജൂൺ മാസം മുതൽ ഓരോ മാസത്തെ വിഹിതം മാത്രമായി ചുരുക്കാനും ഭക്ഷ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വിശദമാക്കാമോ;

**മറുപടി:** മധ്യപൂർവേഷ്യയിൽ ഉണ്ടായ യുദ്ധവുമായി ബന്ധപ്പെട്ട് വിലക്കയറ്റം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായും, ഉപഭോക്തൃ തലത്തിൽ കരുതൽസംഭരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായും, കൂടാതെ രാജ്യത്ത് ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം വർദ്ധിപ്പിച്ച സാഹചര്യത്തിലും, വരുംകാലങ്ങളിൽ ഉണ്ടാകാവുന്ന കാലാവസ്ഥ വ്യതിയാനങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യങ്ങളുടെ അധിക സംഭരണം ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ തലത്തിൽ ഒരുക്കേണ്ടതുള്ളതിനാലും 2026 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ റേഷൻ കാർഡ് ഉടമകൾക്ക് മാസംതോറുമുള്ള റേഷൻ വിഹിതം ഒരുമിച്ച് നൽകുവാനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരുന്നു.

ഇതിനായി എഫ്.സി.ഐ. യിൽ നിന്നും സി.എം.ആർ. മില്ലുകളിൽ നിന്നും മൂന്ന് മാസത്തെ റേഷൻ ഭക്ഷ്യധാന്യങ്ങൾ ഒരുമിച്ച് വിട്ടെടുത്ത് NFSA ഗോഡൗണുകളിൽ എത്തിച്ച്, അവിടെ നിന്നും റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തി, റേഷൻ ഉപഭോക്താക്കൾക്ക് ഒന്നിച്ച് നൽകുവാനാണ് നിർദ്ദേശിച്ചിരുന്നത്.

എന്നാൽ സംസ്ഥാനത്ത് ഇപ്രകാരം മൂന്നുമാസത്തെ റേഷൻ വിഹിതം ഒരുമിച്ച് റേഷൻകടകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്ക് നൽകുന്നതിനായി ആവശ്യമായ സംഭരണശേഷി ഇല്ലാത്തതിനാൽ മൂന്നുമാസത്തെ റേഷൻ ഒന്നിച്ച് വിട്ടെടുത്ത് NFSA ഗോഡൗണുകളിൽ എത്തിച്ച് വാതിൽപ്പടി വിതരണം ചെയ്യുന്നതിന് കഴിയാത്ത സാഹചര്യമായിരുന്നു.

കൂടാതെ ട്രാൻസ്പോർട്ടേഷൻ മേഖലയിൽ ഉണ്ടായ വിവിധ വിഷയങ്ങളാലും റേഷൻ വിട്ടെടുപ്പ്, വാതിൽപ്പടി വിതരണം മന്ദഗതിയിലാണ് നടന്നു വന്നിരുന്നത്. പ്രസ്തുത സാഹചര്യത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിലെ രണ്ട് മാസത്തെ റേഷൻ ഒന്നിച്ച് ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. ഒറ്റത്തവണത്തേക്ക് മാത്രമാണ് കേന്ദ്രസർക്കാർ ഇപ്രകാരം വിതരണം ക്രമീകരിക്കാൻ നിർദ്ദേശിച്ചിരുന്നത്. അതിനാൽ ഇനിയുള്ള മാസങ്ങളിൽ മുൻപ് ചെയ്തിരുന്ന പോലെ മാസാമാസമുള്ള റേഷൻ വിതരണം ആയിരിക്കും നടത്തുന്നത്.

**(ബി)** ഏപ്രിൽ, മെയ് മാസങ്ങളിൽ രണ്ടുമാസത്തെ വിഹിതം ഒരുമിച്ച് നൽകിയപ്പോൾ സപ്ലൈകോ ഗോഡൗണുകളിൽ നിന്നും റേഷൻകടകളിൽ കൃത്യ സമയത്ത് സാധനങ്ങൾ എത്തിക്കാൻ കഴിയാത്തതും 'ഇ - പാസ്സ് ' മെഷീനുകളുടെ സാങ്കേതിക തകരാറുമാണ് ഈ പിൻമാറ്റത്തിന് കാരണമെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റേഷൻ വിതരണത്തിലെ ഈ പാളിച്ചകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**<u>മറുപടി:</u>** ഇല്ല. ഏപ്രിൽ, മെയ്, ജൂൺ അടങ്ങുന്ന പാദവാർഷിക കാലഘട്ടത്തിൽ മാത്രമാണ് മുൻകൂർ വിതരണത്തിന് കേന്ദ്രസർക്കാർ അനുമതി ഉണ്ടായിരുന്നത്. ആയതിനാലാണ് ജൂൺ മാസത്തിൽ ജൂലൈ മാസത്തെ അഡ്വാൻസ് റേഷൻ വിതരണം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്താതിരുന്നത്.

**(സി)** റേഷൻ ഒരുമിച്ച് നൽകുന്നത് നിർത്തിയതിനൊപ്പം നീല (മുൻഗണനേതര വിഭാഗം) കാർഡുടമകൾക്ക് നൽകിയിരുന്ന അധിക അരി വിതരണവും സർക്കാർ പൂർണ്ണമായും നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഇല്ല. 2026 ജനവരി മാസം മുതൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ ടൈഡ് ഓവർ വിഹിതത്തിൽ മുൻപ് ലഭിച്ചിരുന്ന 33,294,198 MT അരി എന്നത് 26,835 MT അരിയും 6459 MT ഗോതമ്പുമായി പരിവർത്തനപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ NPS കാർഡുകൾക്കുള്ള സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള നോർമൽ പ്രതിമാസ വിഹിതവും NPNS കാർഡുകൾക്ക് പ്രതിമാസം നിശ്ചയിച്ച് നൽകുന്ന 4 മുതൽ മുകളിലോട്ട് നിശ്ചയിക്കുന്ന റെഗുലർ വിതരണ പ്രകാരമുള്ള അളവും തട്ടിക്കഴിച്ചാൽ സ്പെഷ്യൽ ഇനത്തിൽ വിതരണം ചെയ്യുന്നതിന് കൂടുതലായി അരി അവശേഷിക്കാറില്ല. എങ്കിലും ഓരോ മാസവും NPS, NPNS വിഭാഗങ്ങളിലെ 100% കാർഡുടമകളും റേഷൻ വാങ്ങാത്ത സാഹചര്യത്തിൽ നീക്കിയിപ്പ് വരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് കണക്കാക്കി തുടർന്നുവരുന്ന വിശേഷ മാസങ്ങളിൽ മാത്രം (ഓണം, ക്രിസ്മസ്, റംസാൻ, വിഷു, ബക്രീദ്) സ്പെഷ്യൽ അരി അനുവദിക്കുന്നു. ഇപ്രകാരം തുടർന്നുവരുന്ന ജൂൺ മാസവും ജൂലൈ മാസവും വിതരണം ചെയ്യുന്നതിലെ നീക്കിയിപ്പ് കണക്കാക്കി വേണം ഓണം മാസമായ ഓഗസ്റ്റ് മാസത്തിൽ NPS കാർഡുകൾക്ക് നീക്കിയിപ്പ് സ്റ്റോക്കിന് അനുപാതികമായി സ്പെഷ്യൽ അരി വിതരണം ചെയ്യുവാൻ.

**(ഡി)** പൊതുവിപണിയിൽ വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ പാവപ്പെട്ട ഉപഭോക്താക്കൾക്ക് വലിയ തിരിച്ചടിയാകുന്ന നടപടി പുനഃപരിശോധിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** NPS കാർഡുകൾക്ക് ഒരു അംഗത്തിന് പ്രതിമാസം രണ്ട് കിലോ എന്ന അളവിൽ അർഹതപ്പെട്ട റെഗുലർ വിഹിതം നൽകുന്നുണ്ട്. NPS, NPNS വിഭാഗങ്ങളിലെ 100% കാർഡുടമകളും റേഷൻ വാങ്ങാത്ത സാഹചര്യത്തിൽ തുടർന്നുവരുന്ന ജൂൺ മാസവും ജൂലൈ മാസവും വിതരണം ചെയ്യുന്നതിലെ നീക്കിയിപ്പ് കണക്കാക്കി ഓഗസ്റ്റ് (ഓണം) മാസത്തിൽ NPS കാർഡുകൾക്ക് നീക്കിയിപ്പ് വരുന്ന സ്റ്റോക്കിന് അനുപാതികമായി സ്പെഷ്യൽ അരി വിതരണം ചെയ്യുന്നത് പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**